**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3274** **13-07-2022 - ൽ മറുപടിയ്ക്ക്**

**പ്രളയ നഷ്ടപരിഹാരത്തുക അക്കൗണ്ട് മാറി ക്രഡിറ്റായത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 2019-ലെ പ്രളയത്തിൽ ഭവനനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കിയപ്പോൾ അർഹരായ ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുക ചില സാങ്കേതിക കാരണങ്ങളാൽ അക്കൗണ്ട് മാറി ക്രഡിറ്റായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലമ്പൂർ താലൂക്കിലെ പോത്തുകല്ല് വില്ലേജിലെ കുനിപ്പാലയിൽ താമസിക്കുന്ന കുഞ്ഞിമുഹമ്മദ് എന്ന വയോധികന് അനുവദിച്ച 2,50,000/- (രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ) നഷ്ടപരിഹാരത്തുക അക്കൗണ്ട് മാറി ക്രഡിറ്റ് ആയതിനെ കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ശ്രീ.കുഞ്ഞുമുഹമ്മദ് എന്നവർ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ റീബിൽഡ് യൂണീക്ക് ഐ.ഡി. 510 190 9030 2070 നമ്പർ പ്രകാരം റീബിൽഡ് ആപ്പിൽ 60-74% നാശനഷ്ടം രേഖപ്പെടുത്തിയതിന് DBT ആയി സർക്കാർ അനുവദിച്ച ധനസഹായമായ 2,50,000/- രൂപ കേരള ഗ്രാമീൺ ബാങ്ക് നെട്ടിക്കുളം ശാഖയിൽ ടിയാളുടെ 40158100100565 എന്ന അക്കൗണ്ട് നമ്പരിന് പകരം ശ്രീ.ബീരാൻകുട്ടി എന്നയാളുടെ 40158100100585 എന്ന അക്കൗണ്ടിലേക്ക് ക്രെഡിറ്റായതായും ശ്രീ.ബീരാൻകുട്ടി എന്നയാൾ മരണപ്പെട്ടതിനാൽ ടി തുക പരേതന്റെ അവകാശികൾക്ക് വീതിച്ചു നൽകിയതായും ബാങ്ക് മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. അനർഹമായി കൈപ്പറ്റിയ തുക തിരിച്ചടക്കാത്ത പക്ഷം ജപ്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് ശ്രീ.ബീരാൻകുട്ടി എന്നവരുടെ അവകാശികൾക്ക് പോത്തുകല്ല് വില്ലേജ് ഓഫീസർ മുഖാന്തിരം കത്ത് നൽകിയിട്ടുണ്ട്. ശ്രീ.കുഞ്ഞുമുഹമ്മദ് എന്നവരെ പോർട്ടലിൽ ഉൾപ്പെടുത്താൻ സാധ്യമല്ലാത്തതിനാൽ ടിയാന് അർഹമായ ധനസഹായം DBT യായി ലഭ്യമാക്കുന്നതിനായി ടിയാന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി 19.04.2022 ലെ DCMPM/4745/2022-DM1 നമ്പരായി ജില്ലാകളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | ഡിഎംഎ4/121/2022/ഡിഎംഡി ഫയലിൽ പരിശോധിച്ച് വരുന്നു. |
| (സി) | മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനായി സ്ഥലം എം.എൽ.എ. വകുപ്പ് മന്ത്രിക്ക് വിവിധ സമയങ്ങളിലായി നൽകിയ കത്തുകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളും ഫയൽനമ്പരുകളടക്കമുള്ള വിവരങ്ങളും അറിയിക്കാമോ; വിഷയം പരിഹരിച്ച് തുക ഗുണഭോക്താവിന് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ബഹു.നിലമ്പൂർ എം.എൽ.എ. 15.03.2022 ന് 06/REV/2022/TVM നമ്പരായി നൽകിയ പരാതി ലാൻഡ് റവന്യൂ കമ്മീഷണറുടെ 11.04.2022 ലെ LR/4251/2022-LR(H2) നമ്പർ കത്തിനോടൊപ്പം തുടർ നടപടികൾക്കായി മലപ്പുറം ജില്ലാകളക്ടർക്ക് നൽക്ുകയും ആയത് പ്രകാരം അക്കൗണ്ട് മാറി ക്രെഡിറ്റായ 2,50,000/- രൂപ തിരികെ പിടിക്കുന്നതിനായി മലപ്പുറം ജില്ലാകളക്ടറുടെ 19.04.2022 ലെ DCMPM/4745/2022-DM1 നമ്പർ കത്ത് പ്രകാരം നിലമ്പൂർ തഹസിൽദാർക്ക് നിർദ്ദേശം നൽക്ുകയും ചെയ്തിട്ടുണ്ട്. കൂടാതെ റി-ബിൽഡ് ആപ്പ് മുഖേന പുതുതായി ശ്ര്ി. കുഞ്ഞുമുഹമ്മദ് എന്നവരെ പോർട്ടലിൽ ഉൾപ്പെടുത്താൻ സാധ്യമല്ലാത്തതിനാൽ ടിയാന് അർഹമായ ധനസഹായം DBT യായി ലഭ്യമാക്കുന്നതിനായി ടിയാന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തി 19.04.2022 ലെ DCMPM/4745/2022-DM1 നമ്പരായി ജില്ലാകളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ഡിഎംഎ4/121/2022/ഡിഎംഡി ഫയലിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ